**2) രവീന്ദ്ര ജെയിൻ :** കാഴ്ചവൈകല്യമുള്ള ജയിൻ വളരെ ചെറുപ്പത്തിൽ തന്നെ പാടാൻ തുടങ്ങി, ഇന്ത്യൻ സംഗീത വ്യവസായത്തിൽ ചേർന്നപ്പോൾ തന്റെ അഭിനിവേശം അവരെ ഉയരങ്ങളിലെത്തിച്ചു. 1970 കളിലെ ഏറ്റവും ശ്രദ്ധേയമായ സംഗീത സംവിധായകരിൽ ഒരാളായി മാറി.

**3) എച്ച് രാമകൃഷ്ണൻ:** രണ്ടര വയസ്സുള്ളപ്പോൾ രാമകൃഷ്ണൻ ഇരുകാലുകളിലും പോളിയോ ബാധിച്ചു സാധാരണ സ്കൂളിൽ പ്രവേശനം നിഷേധിക്കുന്നത് മുതൽ അംഗവൈകല്യം മൂലം ജോലി തിരസ്കരിക്കപ്പെടുതുവരെയുള്ള ജീവിതത്തിലെ ഓരോ ചുവടിലും രാമകൃഷ്ണൻ കഷ്ടപ്പെടേണ്ടി വന്നിട്ടുണ്ട് ഇതൊക്കെയാണെങ്കിലും 40 വർഷത്തോളം പത്രപ്രവർത്തകനായി പ്രവർത്തിച്ച ഇദ്ദേഹം നിലവിൽ എസ്. എസ്. മ്യൂസിക് ടെലിവിഷൻ ചാനലിന്റെ സി.ഇ.ഒ. ആണ്

**4) ഹെലൻ കെല്ലർ**

കഠിനാധ്വാനവും ആത്മവിശ്വാസവും കൊണ്ട് സ്വന്തം വൈകല്യങ്ങളെ തോൽപ്പിച്ച ഇംഗ്ലീഷ് വനിതയാണ് ഹെലൻ കെല്ലർ 19 മാസം മാത്രം പ്രായമുള്ളപ്പോൾ കാഴ്ചശക്തിയും കേൾവിശക്തിയും നഷ്ടപ്പെട്ട അവർ സ്വപ്രയത്നംകൊണ്ട് സാഹിത്യം, സാമൂഹ്യപ്രവർത്തനം, അധ്യാപനം എന്നീ രംഗങ്ങളിൽ കഴിവ് തെളിയിച്ചു. ആത്മവിശ്വാസം ദൃഢനിശ്ചയം, കഠിനാധ്വാനം, എന്നിവയുടെ പ്രതിനിധിയായി വളർന്ന ആ അന്ധ വനിത അംഗവൈകല്യമുള്ളവർക്കും നമുക്കോരോരുത്തർക്കും പ്രത്യാശയായി ഇന്നും ജനമനസ്സുകളിൽ ജീവിക്കുന്നു.

ആഗോള കോവിഡ് 19 മഹാമാരി ആരോഗ്യവും സാമൂഹ്യ സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾ വൈകല്യമുള്ളവരെ ആനുപാതികമല്ലാതെ ബാധിച്ചിരിക്കുന്നു. ഈ സന്ദർഭത്തിൽ അടിയന്തര ആരോഗ്യ, സാമൂഹ്യ സംരക്ഷണവും, വിദ്യാഭ്യാസം, ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ, ചെയ്യാനാവുന്ന തൊഴിൽ, മറ്റ് സംസ്കാരിക അവസരങ്ങൾ ആളുകളിലും പരമാവധി എത്തിക്കാൻ നമുക്ക് പരിശ്രമിക്കാം.

***ഓർക്കുക... ഭിന്നശേഷിയുള്ള വരാണ് ലോകത്തിലെ ഏറ്റവും വലിയ ന്യൂനപക്ഷം. അവർക്ക് കരുതൽ നൽകാം, കോവിഡ്ക്കാലത്ത് മാത്രമല്ല എന്നും എല്ലായ്പ്പോഴും..***

**തയ്യാറാക്കിയത്,**
**ബിന്ദു അഗസ്റ്റിൻ, ഓഖി പ്രോജക്ട് കോഡിനേറ്റർ**

**ചൈൽഡ് ലൈൻ തിരുവനന്തപുരം**

*കുട്ടികൾക്ക് അവരുടെ വിഷമ ഘട്ടങ്ങളിൽ 1098 എന്ന സൗജന്യ നമ്പറിൽ വിളിച്ച് സേവനം ഉറപ്പാക്കുവാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയത്തിന്റെ ദേശീയ വികസന പദ്ധതി.*

Jeeva Jyothi Offset Press Tvm Phone. 0471 2311620

ഡിസംബർ 2021 ലക്കം 12

# ഉണർവ്വ്
## പഠനപത്രിക

ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി

### സമൂഹമേ ഞങ്ങളുണ്ട് ഇവിടെ
### ഡിസംബർ 3,
### അന്താരാഷ്ട്ര ഭിന്നശേഷിയുള്ളവരുടെ ദിനം

" ഒരു യഥാർത്ഥ സുഹൃത്ത് നിങ്ങളുടെ ബലഹീനതകൾ അറിയുകയും നിങ്ങളുടെ ശക്തി കാണിച്ചുതരികയും നിങ്ങളുടെ ഭയാശങ്കയിൽ പങ്കാളിയായി നിങ്ങളുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുന്ന തോടൊപ്പം ഉത്കണ്ഠകൾ കണ്ടറിഞ്ഞ് നിങ്ങൾക്ക് വ്യക്തിത്വവും വികസന സാധ്യതകളും ഉറപ്പാക്കുകയും ചെയ്യുന്നു."

രാജ്യാന്തര സഹകരണം ലക്ഷ്യമാക്കി രണ്ടാം ലോകമഹായുദ്ധത്തിനുശേഷം രൂപീകൃതമായ പ്രസ്ഥാനമാണ് ഐക്യരാഷ്ട്രസഭ (യു.എൻ). ഐക്യരാഷ്ട്ര സഭ 1986 അന്താരാഷ്ട്ര വികലാംഗ വർഷമായി പ്രഖ്യാപിച്ചു. 1983 – 1992 അന്താരാഷ്ട്ര വികലാംഗ ദശാബ്ദമായും ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചു. 1992 മുതൽ ഡിസംബർ 3 അവശതയുള്ള ജനങ്ങളുടെ ദിവസമായി ആചരിച്ചു തുടങ്ങി.

വൈകല്യം മനുഷ്യാവസ്ഥയുടെ ഭാഗമാണെന്നും അതുപോലെ വൈകല്യമുള്ളവർക്കും അന്തസ്സോടെ എല്ലാ അവകാശങ്ങളും ഉൾക്കൊണ്ട് ജീവിക്കാനുള്ള അർഹതയും സ്വാതന്ത്ര്യവും ഉണ്ടെന്ന് സമൂഹത്തെ ബോധ്യപ്പെടുത്താനാണ് ഇങ്ങനെ ഒരു ദിവസം നാം ആചരിക്കുന്നത്. ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ അല്ലെങ്കിൽ മറ്റൊരു ഘട്ടത്തിൽ ഏതെങ്കിലുമൊക്കെ വൈകല്യങ്ങൾക്ക് നമ്മളും സാക്ഷികൾ ആകാം. എനിക്ക് വൈകല്യം വരുന്നതുവരെ, അല്ലെങ്കിൽ വൈകല്യത്തിന് അടിമപ്പെടും വരെ എനിക്ക് ഈ വിഭാഗത്തോട് അവഗണനയായിരിക്കും.

ഈ ഒരു ദിവസം നമ്മെ പല കാര്യങ്ങൾ ബോധ്യപ്പെടുത്തുകയും നമ്മുടെ കാഴ്ചകളെ ഉറപ്പിക്കുകയും ചെയ്യുന്നു. അതായത് ഭിന്നശേഷിക്കാരെ ഉൾക്കൊള്ളുന്നതും അവർക്ക് അർഹമായത് നേടുവാൻ പ്രാപ്തരാക്കുന്നതും സുസ്ഥിരവും മെച്ചപ്പെട്ടതുമായ ഒരു ലോകം പണിതുയർത്താൻ നാമോരോരുത്തരും പരിശ്രമിക്കണം എന്ന് ഈ ദിനം നമ്മെ ഓർമിപ്പെടുത്തുന്നു.

ശിശുദിനം, അധ്യാപക ദിനം, പരിസ്ഥിതി ദിനം, വനിതാദിനം ഇവയെല്ലാം നാം കൃത്യമായി ഓർമ്മിക്കുന്നു. അതിന്റെ അന്തസത്ത ഉൾക്കൊള്ളുകയും ആഘോഷമാക്കി മാറ്റുകയും ചെയ്യുന്നു. പക്ഷേ നമ്മളിൽ ഭൂരിഭാഗം ആളുകൾക്കും ഇങ്ങനെ ഒരു ദിനം ഉള്ളതായി അറിവ് പോലുമില്ല.

**നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഒറ്റപ്പെടലും അവഗണനയും സേവനങ്ങളുടെ അപര്യാപ്തതയും ഏറ്റവും കൂടുതൽ ബാധിച്ച, അനുഭവിക്കുന്ന ഒരു വിഭാഗമാണ്, നമ്മുടെ സമൂഹത്തിലെ നാം ഓമനപ്പേരിൽ വിളിക്കുന്ന ഭിന്നശേഷിക്കാർ. ലോകം മുഴുവനെയും കോവിഡ് മഹാമാരി പിടിച്ചുലച്ചപ്പോൾ മാനസികനിലയെ, സാമ്പത്തിക ഭദ്രതയെ, സമൂഹ്യ ജീവിതത്തെ ബാധിച്ചപ്പോൾ നാം മറന്ന, തഴഞ്ഞ, പുറംതള്ളിയ ഒരു വിഭാഗമാണിവർ. കോവിഡിന് മുമ്പുള്ള സാധാരണ ജീവിത സാഹചര്യത്തിൽ പോലും ഭിന്നശേഷിയുള്ളവർക്ക് ആരോഗ്യ സംവിധാനങ്ങൾ, വിദ്യാഭ്യാസം, ജോലി, സാമൂഹ്യപങ്കാളിത്തം എന്നിവയ്ക്കുള്ള പ്രാപ്യതകുറവ് അനുഭവിക്കുന്നവരാണ്. അപ്പോൾ കോവിഡ് കാലത്തെ അവരുടെ അവസ്ഥ നമുക്ക് ഊഹിക്കാവുന്നതാണല്ലോ? അതിനാൽ തന്നെ കോവിഡ് കാലത്തെ സേവനങ്ങൾ ഭിന്നശേഷിയുള്ള നമ്മുടെ സഹോദരങ്ങളിൽ, കുഞ്ഞുങ്ങളിൽ എത്തുന്നു എന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്വവും കടമയും സാമൂഹ്യപ്രവർത്തകർ എന്ന നിലയിൽ നമുക്കുണ്ട് എന്നകാര്യം വിസ്മരിക്കരുത്.

**കോവിഡ് കാലത്ത് ഭിന്നശേഷിക്കാർ നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാം?**

1) ചലന സാധ്യത കുറവായ ഇക്കൂട്ടർക്ക് മറ്റൊരാളുടെ സഹായം അത്യാവശ്യമാണ്. തന്മൂലം രോഗബാധിതരുമായി സമ്പർക്കം/ അടുത്തിടപഴകൻ എന്നിവ പൂർണമായി ഒഴിവാക്കാൻ സാധ്യമല്ല.

2) കൈകഴുകൽ, സാമൂഹിക അകലം പാലിക്കൽ എന്നിവയുടെ പ്രാധാന്യം ശരിയായി മനസ്സിലാക്കാനോ പ്രാവർത്തികമാക്കാനോ സാധിക്കാത്ത ജനവിഭാഗമാണിവർ.

3) രോഗലക്ഷണങ്ങൾ സ്വയം മനസ്സിലാക്കാനോ മറ്റുള്ളവരോട് പറഞ്ഞു മനസ്സിലാക്കാനോ സാധിക്കാത്ത അവസ്ഥയിലാണിവർ.

4) പലപ്പോഴും ഭൂരിഭാഗം വ്യക്തികളും മറ്റുള്ളവരുടെ നന്മയും കരുതലും പരിചരണവും ഇല്ലാതെ ജീവിക്കാൻ പറ്റാത്തവർ ആണ്. കോവിഡ് കാലത്തെ അവരുടെ ഏകാന്തത, മാനസിക പിരിമുറുക്കം നാം ഊഹിക്കുന്നതിലും അപ്പുറമാണ്.

ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പ്രകാരം ലോകജനസംഖ്യയുടെ 15 ശതമാനം അതായത് ഒരു ബില്യനിലധികം ആളുകൾ വൈകല്യങ്ങളുമായി ജീവിക്കുന്നു എന്നതാണ്. ഇതിൽ തന്നെ പകുതിയും മാനസിക പ്രശ്നങ്ങൾ നേരിടുന്നവരാണ്. ഇതിൽ മൂന്നിലൊന്ന് പേർ വിവേചനമോ, ഭയമോ, അവഗണനയോ മൂലം വൈദ്യസഹായം തേടുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

ഓരോ വർഷവും 69 മില്യൺ ആളുകൾക്ക് തലച്ചോറിന് വിവിധ കാരണങ്ങൾ മൂലം ക്ഷതം സംഭവിക്കുന്നു. 160 കുട്ടികളിൽ ഒരാളിൽ ഓട്ടിസം കണ്ടെത്തുകയും ചെയ്യുന്നു. ഇത്തരത്തിൽ പ്രത്യക്ഷത്തിൽ വൈകല്യങ്ങളുണ്ടെന്ന് തിരിച്ചറിയപ്പെടാതെ പോകുന്ന അനേകം ആളുകളും നമുക്കിടയിലുണ്ട് എന്ന വസ്തുത നാം മറക്കരുത്.

1995 ഭിന്നശേഷിക്കാരുടെ അവകാശങ്ങൾക്ക് വേണ്ടിയുള്ള നിയമം ഇന്ത്യയിൽ പ്രാബല്യത്തിൽ വന്നു. റൈറ്റ് ഓഫ് പേഴ്സൺ വിത്ത് ഡിസബിലിറ്റിസ് എന്ന ആക്ട് 2016 ൽ അമെന്റ്മെന്റ് ചെയ്തു. അതായത് ഭിന്നശേഷിക്കാർ വീട്ടിൽ ഒതുങ്ങിക്കൂടേണ്ടവരല്ല മറിച്ച് വിവിധ കഴിവുകൾ പ്രകടിപ്പിക്കാനും സമൂഹത്തിൽ അവരുടെ സ്ഥാനം ഉറപ്പിക്കാനും സാധിക്കണം.

ഭിന്നശേഷി അഥവാ വൈകല്യം ശാപമല്ല മറിച്ച് അത് ഒരു ഭാഗ്യമായി കാണാൻ കഴിയണം. ചെറിയ ചെറിയ വൈകല്യങ്ങൾക്ക് അപ്പുറം തങ്ങളുടെ കഴിവുകളാണ് കൂടുതൽ എന്ന് നമ്മൾ മനസ്സിലാക്കുന്നതോടൊപ്പം അവരെ ബോധ്യപ്പെടുത്തുകയും വേണം.

ഒരു വ്യക്തിയുടെ ഭിന്നശേഷിക്ക് എന്താണ് കാരണം എന്ന് നാം മനസ്സിലാക്കിയാൽ അവരോടുള്ള നമ്മുടെ സമീപനത്തിൽ മാറ്റം വരും. ഒരു തരത്തിൽ ചിന്തിച്ചാൽ നമ്മുടെ അജ്ഞതയാണ് നാം അവരിൽ അടിച്ചേൽപ്പിക്കുന്നതും വേർതിരിവും അവഗണനയും കാണിക്കുകയും ചെയ്യുന്നത്.

ചില വൈകല്യങ്ങൾ ജന്മസിദ്ധമായി ലഭിച്ചവയാണ്. മറ്റുള്ളവ പലവിധ ജോലികൾ, അപകടങ്ങൾ, രോഗങ്ങൾ മൂലം ഉണ്ടായവയും. അത് ഇന്നല്ലെങ്കിൽ നാളെ നമുക്കും ഉണ്ടാകാം. അതുകൊണ്ട് അവരെ ശാപമായി കാണാതെ സ്നേഹിക്കാനും പരിചരിക്കാനുമുള്ള മനസ്സും താൽപര്യവും കാണിക്കണം. പൂർണ്ണർ എന്ന് അഹങ്കരിക്കുന്ന നാമോരോരുത്തരും ശരിക്കും പൂർണ്ണരാണോ? നമ്മളിൽ എന്തെല്ലാം വൈകല്യങ്ങൾ ഉണ്ടാകാം. നാം സ്വയം ചിന്തിച്ച് കണ്ടെത്തി മാറ്റാൻ പറ്റുന്നവ മാറ്റാനും അല്ലാത്തതിനെ അംഗീകരിക്കാനും ശ്രമിച്ചാൽ നമുക്ക് മറ്റുള്ളവരെയും അവർ ആയിരിക്കുന്ന അവസ്ഥയിൽ അംഗീകരിക്കാൻ സാധിക്കും. ഒരു വ്യക്തിയുടെ ശാരീരികവും മാനസികവുമായ വൈകല്യങ്ങളെ അംഗീകരിക്കാൻ സാധിക്കാത്ത വ്യക്തിയും സമൂഹവും വൈകല്യമുള്ളവർ തന്നെയാണ്.

ദിവസവും നമ്മെ പ്രചോദിപ്പിക്കുന്ന ഭിന്നശേഷിയുള്ള ചില വ്യക്തികളെ പരിചയപ്പെടാം. തങ്ങളുടെ വൈകല്യം അവരെ ഒരുതരത്തിലും പിന്തിരിപ്പിക്കാൻ അനുവദിക്കാത്ത അത്ഭുതകരമായ ചില പ്രതിഭകൾ.

**1) സുധാചന്ദ്രൻ :** കേരളത്തിൽ ജനിച്ച ഈ 50 കാരിയായ കലാകാരി 16 വയസ്സുള്ളപ്പോൾ ഒരു അപകടത്തിൽപ്പെട്ടു ഒരു ചെറിയ മുറിവ് ഡോക്ടർമാർ കാണാതെ പോയി പ്ലാസ്റ്ററിട്ടു. അത് പിന്നീട് അണുബാധ ഏറ്റു അവളുടെ കാൽ മുറിച്ചു കളഞ്ഞു. ജയ്പൂർ കാൽ എന്ന കൃത്രിമകാൽ ഘടിപ്പിച്ചു കൊണ്ട് അവൾ തന്റെ വൈകല്യത്തെ മറികടക്കുകയും രാജ്യത്തെ ഏറ്റവും ജനപ്രിയവും പ്രശംസനീയവുമായ ക്ലാസിക്കൽ നർത്തകിമാരിൽ ഒരാളായി മാറുകയും ചെയ്തു.